## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 87** **30-01-2019-ലെ മറുപടി**

## ജല സുരക്ഷ ഉറപ്പുവരുത്തുവാൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. പി.ടി. തോമസ്** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഈ വർഷം കൊടിയ വരൾച്ചയുണ്ടാകുമെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച മുന്നൊരുക്കങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഈ വർഷം കൊടിയ വരൾച്ചയുണ്ടാകുമെന്നത് സംബന്ധിച്ച് ഔദ്യോഗിക സ്ഥിരീകരണം ലഭ്യമായിട്ടില്ല. എന്നാൽ 2018 ആഗസ്റ്റിലെ അതി തീവ്ര മഴയ്ക്കു ശേഷം മഴയുടെ ലഭ്യതയിൽ പല ജില്ലകളിലും കുറവു വന്നിട്ടുള്ളതായി ഭാരതീയ കാലാവസ്ഥാ വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഇത് പരിഗണിച്ച് ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലെ ജല ഉപയോഗ മാനേജ്മെന്റ് കൂടുതൽ ശാസ്ത്രീയവും സൂക്ഷ്മവുമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകൾ ബ്ലോക്ക് / പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. നീർത്തട പ്ലാനുകളിൽ റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി യാണ് നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നിർവ്വഹണത്തിലിരിക്കുന്ന പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശ്രമവും ഇതോടൊപ്പം നദികളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി തടയണകൾ/റഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ കുടി വെള്ള സ്രോതസ്സുകളിലെ ജല ലഭ്യത മഴയെമാത്രം ആശ്രയിച്ചായതിനാൽ പ്രാദേശികമായ |

| | | | |
|---|---|---|---|
| | | | സാഹചര്യം വിലയിരുത്തി താത്കാലിക തടയണ നിർമ്മാണവും, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യലും തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ എല്ലാം ആവശ്യാനുസരണം പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/ മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ഇന്റർ കണക്ഷൻ, ടാങ്കർ ലോറിക്ക് ജലം നിറയ്ക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജല വിതരണം സുഗമമായി നടത്തിക്കൊണ്ടു പോകാനുള്ള വിവിധ യിനം പ്രവൃത്തികളിൽ തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾക്ക് കേരള ജല അതോറിറ്റി അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.<br><br>ഭൂജല വകുപ്പ് കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽകിണർ കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു.<br><br>ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയും ജല സംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ ജലനിധിയുടെ ഗുണഭോക്തൃ സമിതികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ജലത്തിന്റെ ദുരുപയോഗം ഒഴിവാക്കുന്നതിനും ജലം കൂടുതൽ ഉപയോഗിക്കുന്ന വാണിജ്യ-വ്യവസായ കണക്ഷനുകളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ആലോചിക്കുന്നുണ്ടോ; | (ബി) | വേനൽക്കാലത്ത് കുടിവെള്ളം ദുർലഭമാകുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ജലം കൂടുതൽ ഉപയോഗിക്കുന്ന വാണിജ്യ-വ്യവസായ കണക്ഷനുകളിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ജല സുരക്ഷ ഉറപ്പുവരുത്തുവാൻ ഫലപ്രദമായ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (സി) | സ്രോതസ്സിനു സമീപം സാദ്ധ്യമായ സ്ഥലങ്ങളിൽ വേലികൾ നിർമ്മിച്ചും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകളിലെ മലിനീകരണം തടയുവാൻ നടപടി സ്വീകരിക്കാറുണ്ട്. സ്രോതസ്സുകളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണ്ണും കാലാകാലങ്ങളിൽ നീക്കം ചെയ്യാറുണ്ട്. ജലം മതിയായ അളവിൽ വിതരണം ചെയ്യുക എന്നതാണ് ജലസുരക്ഷയുടെ മറ്റൊരു ഘടകം. വിതരണക്കുഴലുകളിലെ ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും, ലീക്ക് ഡിറ്റക്ഷൻ സ്ക്വാഡ് ഉപയോഗപ്പെടുത്തി ഭൂമിക്കടിയിൽ ഉണ്ടാകുന്നതും പുറത്തുവരാത്തതുമായ ജലശോഷണം കണ്ടുപിടിച്ച് പരിഹരിച്ചും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ വഴി ജലത്തിന്റെ നഷ്ടവും ദുരുപയോഗവും തടഞ്ഞാണ് ജലത്തിന്റെ അളവു ഉറപ്പുവരുത്തുന്നത്. |
| (ഡി) | പഴയ എ.സി. പൈപ്പുകൾ മാറ്റി ഇടുന്ന പദ്ധതി എവിടെയൊക്കെ പൂർത്തിയായി; ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് ധനസഹായമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | പഴയ എ.സി. പൈപ്പുകൾ മാറ്റി ഇടുന്ന പദ്ധതികൾ പൂർത്തിയായതിന്റെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.<br>2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 'പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ അഞ്ചു ജില്ലകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം) 49 പ്രൊപ്പോസലുകൾക്ക് 231.44 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# Replacement of AC pipes- Completed works

State plan

| Sl. No. | Name of circle | Name of work |
|---|---|---|
| 1 | Muvattupuzha | 19 Replacment- UWSS to thodupuzha- replacing old AC distribution line at varios reach of thodupuzha muncipality- package I,II,III,IV |
| 2 | Muvattupuzha | RWSS to Avoly- Replacing old and damaged AC pipe |
| 3 | Muvattupuzha | ARWSS to mangalloor- Replacing old and damaged AC pipe |
| 4 | Muvattupuzha | RWSS to Kalluukadu- Replacing old and damaged AC pipe |
| 5 | Muvattupuzha | RWSS to Enanalloor- Replacing old and damaged AC pipe |
| 6 | Muvattupuzha | UWSS to Muvattupuzha- Replacing old and damaged AC pipe |
| 7 | Muvattupuzha | UWSS to Koothatukulam- Replacing old and damaged AC pipe |
| 8 | Muvattupuzha | RWSS to Edakattuvayal Replacing old and damaged AC pipe |
| 9 | Muvattupuzha | RWSS to Pampakkuda- Replacing old and damaged AC pipe |
| 10 | Muvattupuzha | RWSS to Maannar- Replacing old and damaged AC pipe |
| 11 | Muvattupuzha | RWSS to Nellikuzhy- Replacing old and damaged AC pipe |
| 12 | Muvattupuzha | ARWSS to Pothauikadu- Replacing old and damaged AC pipe |

| | | |
|---|---|---|
| 13 | Muvattupuzha | UWSS to Kothamangalam- Replacing old and damaged AC pipe |
| 14 | Thrissur | 19 Replacment of old pipes- AUWSS to cheevoor marathakara- 300mm/250mm AC gravity main and laying with 350/250 DI K9 pipe from poochunnipadam to chevoor jn in cherpu panchayath |
| 15 | Thrissur | 19 Replacment of old pipes- AUWSS to Chalakuddy- replacing 300mm AC pipe with DI k9pipe at pananampilly potta kanirappally road upto chowka jn in chalakkudy muncipality- reach 1 |
| 16 | Thrissur | 19 Replacment of old pipes- AUWSS to Chalakuddy- replacing 300mm AC pipe with DI k9pipe at pananampilly potta kanirappally road upto chowka jn in chalakkudy muncipality- reach 2 |
| 17 | Thrissur | 19 Replacment of old pipes- AUWSS to Chalakuddy- replacing 300mm AC pipe with DI k9pipe at pananampilly potta kanirappally road upto chowka jn in chalakkudy muncipality- reach 3 |
| 18 | Thrissur | 19 Replacment of old pipes- AUWSS to Chalakuddy- replacing 300mm AC pipe with DI k9pipe at pananampilly potta kanirappally road upto chowka jn in chalakkudy muncipality- reach 4 |
| 19 | Thrissur | 19 Replacment of old pipes- AUWSS to Chalakuddy- replacing 90mm AC pipe with 160mm PVC at pananampilly potta kanirappally road upto chowka jn in chalakkudy muncipality- reach 5 |
| 20 | Thrissur | 19 replacment of old pipes augmentation of AUWSS to chalakkudy repalcing the damaged 600mm AC pipe at thampara GL tank road in chalakkudy muncipality |
| 21 | Thrissur | 19 replacment of old pipes AUWSS to chalakkudy repalcing the damaged 400mm AC pipe with 400mm DI K9 pipe from sasthakunnu Temple to nataraja temple at VR puram in chalakkudy muncipality |
| 22 | Thrissur | 19 replacment of old pipes CWSS to KPCTA replacing the damaged 250mm AC pumping main with 350mm DI K9 pipes from illical pump house to chazhur panchaytah |
| 23 | Thrissur | RWSS to pariyaram- repalcing damaged 100mm AC pipe with 200mm DI K9 pipe |
| 24 | Thrissur | RWSS to kalloor vadakkumuri replacing damaged 125mm AC pipe with 200mm DI K9 pipe |
| 25 | Kochi | Stateplan Keexhumad Grama panchayath replacing old damaged AC pipes |
| 26 | Kochi | Stateplan WSS to thripunithura Muncipalilty replacing old damaged 600mm AC pipes with 900mm DI pipes from ramamangalam to choondi |

| | | |
|---|---|---|
| 27 | Kochi | WSS to puthencruz and adjoing panchayaths- Replacing 150mm AC pipe with 200mm DI pipe in Meenpara Puthrika road |
| 28 | Kochi | WSS to puthencruz and adjoing panchayaths- Replacing 200mm AC pipe with 200mm DI pipe in Rajashree junction to Karimugal Junction road |
| 29 | Kochi | Replaced old damaged AC pipe with new DI pipes fro 16.496KM in Vazhakulam, Kizhakkambalam, Kunnathunad panchayaths |
| 30 | Alappuzha | Replacing old AC pipe to malayil tank with DI pipe in changannoor muncipality |
| 31 | Alappuzha | Replaced old damaged AC pipe from edappone to josco , eravankkara to kochalumoodu in pandhalam |
| 32 | kottayam | UWSS to kottayam- replacing old damaged AC pipes ( replacing AC pipe from KWA to peroor-1000mm DI K9 pipe, Rubber board jn to puthanangadi 500mm DI pipe- 3573.74m, mariyapalli to chingavanam-300mm DI K9 pipe- 4732.69m kizhakum bhagam- 1000m, karappuzha Govt high school to thiruvathikkal - 1000m |
| 33 | Trivandrum | Replacment of 400mm premo pipe to 400mm DI K9 pipe from peroorkada to Sasthamangalam |
| 34 | Trivandrum | Replacment of 400mm premo pipe to 400mm DI K9 pipe from Ambalamukku to Kesavadasapuram |
| 35 | Kannur | ARWSS to Edakkad Zone-I-Replacing 160 /150mm PVC /AC (Partial gravity and partial pumping with 200mm DI K9) from Melechovve Jn. To GL tank |
| 36 | Kannur | NABARD assisted WSS to Edakkad Zone II- Replacing 250mm AC (partial gravity & partial pumping main with 200 mm DI K9 from Melechowa jn to Vattakkulam OH tank) |
| 37 | Kannur | Kolacherry WSS - Replacing 250mm AC gravity main |
| 38 | Kannur | WSS to Chembilode Village - Replacement of heavily leaking 30years old 160mm (4 kg/cm2) distribution main pipe from Poovathumthara to Hassanmukku for a length of 2500m with 160mm (6kg/cm2) pipes along Mouvenchery Chala PWD road |
| 39 | Kannur | WSS to Kadambur Panchayat - Replacement of 100mm dia heavily leaking 40years old A.C distribution pipe lines from Poonkave to Edakkad town for a length of 1100m with 90mm dia PVC 8kg/cm2 pipes |

| | | |
|---|---|---|
| 40 | Kannur | WSS to Kadambur panchayat- Replacement of heavily leaking 40years old 100mm dia A.C distribution pipe lines from Poonkave to Puzhakkara for a length of 1000m with 90mm dia PVC 8kg/cm2 pipe |
| 41 | Kannur | WSS to Anjarakandy panchayat- Replacement of heavily leaking 90mm /75mm (4kg/cm2)distribution pipe lines from Valavilpeedika to Chakkarakakal for a length of 1900m with 90mm/75mm PVC (8kg/cm2) |
| 42 | Kannur | WSS to Anjarakandy panchayat- Replacement of heavily leaking 110mm dia (4kg/cm2) distribution pipe lines from Thazhakavinmoola to Valavilpeedika for a length of 900m with 110mm (8kg/cm2) |
| 43 | Kannur | WSS to Muzhapilangad panchayat- Replacement of heavily leaking 40years old 80mm dia A.C distribution pipe lines from Muzhapilangad kadave to Sreekurumbakave Temple for a length of 400m with 90mm dia PVC 8kg/cm2 pipes |
| 44 | kasargod | WSS to kasargod- replacement of old AC gravity main from Boovikananm to cherkala |
| 45 | palakkad | RWSS to Pnnakara Pattithara - Replacment of old AC pipe |
| 46 | Malappuram | MWSS to melmuri- Relaying of 150mm GI pipe extended from exisiting 250mm CI pipe instead of old aged 250mm AC pipe at cholakkapara near mosque upto vavooran ahamadukutty |

AMRUT

| | | |
|---|---|---|
| 1 | Kollam | Replacement of old \and damaged AC pipe with 250 mm DI from Pazhayattukuzhi tank to Ammannada Division -2500 m |

ജോർജ് ജോസഫ്